401/ est/19

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - പി.ആർ സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ഒന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പേരിലെ പിഴവ് തിരുത്തി ഉത്തരവാകുന്നു.

പരാമർശം:- 1) നം. എ3/1884/18/ഇ.ഇ/എൽ.എസ്.ജി.ഡി-കൊല്ലം, തീയതി. 17.01.2019 പ്രകാരം ഒന്നാംതരം ഓവർസിയറായ ശ്രീ. സ്റ്റീഫൻ.റ്റി ഉചിതമാർഗ്ഗേന സമർപ്പിച്ച അപേക്ഷ

2) ഉത്തരവ് നം. ഇ22/101/2013/സിഇ/തസ്വഭവ, തീയതി. 11.01.2018

**ഉത്തരവ് നം. ഇ 22 - 6152/2018/സിഇ/തസ്വഭവ, തീയതി. 12.02.2019**

ഈ വകുപ്പിൽ കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ ഒന്നാംതരം ഓവർസിയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. സ്റ്റീഫൻ റ്റി എന്നവർ ജലസേചന വകുപ്പിൽ പ്രവേശിക്കുമ്പോൾ പേര് ഗിരീഷ് കുമാർ.റ്റി എന്നായിരുന്നു. എന്നാൽ കേരള ഗസറ്റ് Vol. XL VI Vol 46, തീയതി. 11.12.2001, പ്രകാരം ടിയാന്റെ പേര് ഗിരീഷ് കുമാർ. റ്റി എന്നതിന് പകരം സ്റ്റീഫൻ റ്റി എന്ന് മാറ്റുകയുണ്ടായി. എന്നാൽ സൂചന (2) പ്രകാരമുള്ള ഈ വകുപ്പിലെ ഒന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ (സർട്ടിഫിക്കറ്റ് ക്വാട്ട) സ്റ്റീഫൻ. റ്റി എന്ന പേരിന്റെ സ്ഥാനത്ത് റാങ്ക് നം. 26 ആയി ഗിരീഷ് കുമാർ റ്റി എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകൻ സമർപ്പിച്ച രേഖകളും ഓഫീസ് ഫയലുകളും ഒത്തുനോക്കിയതിൽ ആക്ഷേപത്തിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ സൂചന (2) പ്രകാരമുള്ള ഒന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ക്രമ നം. 26, റാങ്ക് നം. 26 ആയി ഉൾപ്പെടുത്തപ്പെട്ട ഗിരീഷ് കുമാർ റ്റി എന്ന പേര് മാറ്റി തത് സ്ഥാനത്ത് സ്റ്റീഫൻ റ്റി എന്ന പേര് ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

വ്യക്തിയ്ക്ക്

*അംഗീകാരത്തോടെ*

*സീനിയർ സൂപ്രണ്ട്*

*(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)*

പകർപ്പ്:

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, കൊല്ലം
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ

എസ്.എ